# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)
നം.കെ.എസ്.എ.-ഇകെഎം(ബി.പി) 2024 /17

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 247771
തീയതി.30.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക്പഞ്ചായത്ത്
സർ,

വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇകെഎം(ബി.പി) 2024 /17

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.30.11.2017
e-mail.lfadekm@gmail.com
0484- 247771

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 26.08.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ 27.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രസാദ്.പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി സെബാസ്റ്റ്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ടി.പോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.ശുഭ.ടി.എസ്. | 01.04.2016 മുതൽ 15.06.2016 വരെ |
| | ശ്രീ.പീതാംബരൻ.കെ (ജോയിന്റ്.ബി.ഡി.ഒ-അഡീഷണൽ ചാർജ്) | 16.06.2016 മുതൽ 21.06.2016 വരെ |
| | ശ്രീ.ഏണസ്റ്റ്.സി.തോമസ് | 22.06.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. ഷീല പോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ഷൈനി .സി.വി. | 01.04.2016 മുതൽ 31.03.2017 വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീ. ഇ.ഷാനവാസ് | 01.04.2016 മുതൽ 30.05.2016 വരെ |
| | ശ്രീ. എസ്.പ്രദീപ് കുമാർ | 31.05.2016 മുതൽ 02.08.2016 വരെ |
| | ശ്രീ. നിഷാദ്. എസ്.ആർ | 03.08.2016 മുതൽ 06.02.2017 ഭവന നിർമ്മാണ പദ്ധതികൾവരെ |
| | ശ്രീ. എസ്.പ്രദീപ് കുമാർ | 07.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. നസീമ. നജീബ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി.ലൈല. വി.എസ് | 01.04.2016 മുതൽ 13.02.2017 വരെ |
| | ശ്രീമതി. ഷഫീന.എം | 14.02.2017 മുതൽ 27.02.2017 വരെ |
| | ശ്രീമതി.അന്ന മുരളി | 28.02.2017 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ക് ഓഫീസർ(അഡീഷണൽ) | ശ്രീമതി. ശ്യാമള.. പി. എം | 01.04.2016 മുതൽ 31.03.2017 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ക് ഓഫീസർ | ശ്രീമതി. ഇന്ദിര. പി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( വാർഷിക ധനകാര്യ പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 3 | |
| 11 | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത – 145000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-1 |
| 12 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കാലടി നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-2 |
| 13 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ (അഡീഷനൽ) നിർവ്വഹിച്ച പ്രോജക്ടിലെ അപാകത – 550000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |
| 14 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം | 3-4 |
| 15 | ഭവന നിർമ്മാണ പദ്ധതികൾ- അവലോകനം | 3-5 |
| 16 | തവളപ്പാറ വനിതാ നൈപുണ്യ വികസന കേന്ദ്രം -ലക്ഷ്യബോധമില്ലാത്ത ആസൂത്രണം | 3-6 |
| 17 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതകൾ | 3-7 |

| | | |
|---|---|---|
| 18 | നിഷ്ക്രിയ ആസ്തിയായി തുടരുന്ന വൃദ്ധസദനം | 3-8 |
| | ഭാഗം 4 | |
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 29 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 30 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 31 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02/03/2016 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|

| | | |
|---|---|---|
| ബജറ്റ് പ്രകാരം | 20,11,15,000 | 19,98,15,000 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 5,87,12,216 | 8,59,83,008 |

നാമമാത്രമായ തനതു വരുമാനം മാത്രമുള്ള ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഗ്രാന്റുകൾ മാത്രമാണ് വരവുള്ളതെന്നിരിക്കെ യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റ് ശ്രദ്ധയോടെയും യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിലും തയാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 10.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,18,22,591 |
| വരവ് | 5,87,12,216 |
| ആകെ | 11,05,34,807 |
| ചെലവ് | 8,59,83,008 |
| നീക്കിയിരിപ്പ് | 2,45,51,799 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 2,46,96,381 | 2,14,28,888 | 86.7 |
| വികസനഫണ്ട് - എസ്.സി.പി. | 89,92,530 | 82,92,530 | 92.2 |
| വികസനഫണ്ട് - ടി.എസ്.പി. | 2,47,644 | 2,47,644 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 38,43,141 | 8,13,862 | 21.2 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 33,03,996 | 30,90,583 | 93.5 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 80 | 5,09,97,057 | 70 | 3,15,34,805 | 15 | 10 | 68.75 |

# 1-7 തനത് വരുമാനം

വാടക,ടെണ്ടർ ഫോം വിറ്റവരവ്, വൃക്ഷങ്ങളിൽ നിന്നുള്ള ആദായം, പലിശ എന്നീ ഇനങ്ങളിലുള്ള നാമമാത്രമായ വരവ് മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനമായിട്ടുള്ളൂ. 2015-16ൽ 2,29,009/- രൂപയാണ് തനത് വരുമാനം. 2016-17 ൽ താഴെ പറയുന്ന ഇനങ്ങളിലായി 2,14,545/- രൂപ തനത് വരുമാനമുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | പിഴപ്പലിശ | 2427 |
| 2 | ടെണ്ടർ ഫോറം വിറ്റവരവ് | 14900 |
| 3 | വാടക | 135000 |
| 4 | പലിശ | 62218 |
| ആകെ | | 214545 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2017 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളെല്ലാം നന്നായി എഴുതി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, ചെക്ക് ഇഷ്യു രജിസ്റ്ററുകൾ മുതലായവ നല്ല രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സെക്ഷനുകളിലെ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി എഴുതുന്നില്ല. തപാലുകൾ ലഭിക്കുന്നവയുടെ തുടർ നടപടികളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഫയലുകൾ ക്ലോസ് ചെയ്തതായി കാണിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ പെടുന്ന സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും കൃത്യമായ വിവരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.കെട്ടിട നിർമ്മാണത്തിന് ചെലവായ തുക മാത്രമാണ് ആസ്തിയുടെ മൂല്യമായി രജിസ്റ്ററിൽ ചേർക്കുന്നത്.ഇതിനോടനുബന്ധമായ സ്ഥലത്തിന്റെ വിസ്തൃതി മൂല്യം എന്നിവ കൂടി ഉൾക്കൊള്ളിച്ച് രജിസ്റ്റർ പരിഷ്കരിക്കാൻ ആസ്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/05/2017 | 2016-17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/03/2014 മുതൽ 17/03/2014 വരെ | 2010-11 മുതൽ 2012-13 വരെ | 28.05.2014 |

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത – 1,45,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| പ്രോജക്ട് നം. | 14 |
| വിഭാഗം | വികസന ഫണ്ട് (പൊതുവിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 6,50,000/- |
| ചെലവ് | 6,25,000/- |
| ചെലവ് രേഖ | 1) ബിൽ നം.1/2016-17 തുക – 4,80,000/തീയതി - 21/01/2017<br>2) ബിൽ നം.2/2016-17 തുക – 1,20,000/- തീയതി - 29/03/2017<br>3) ബിൽ നം.3/2016-17 തുക – 25,000/- തീയതി - 29/03/2017 |

ചെലവ് രേഖ (1) പ്രകാരം 4,80,000/- രൂപ 5 പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത് സർക്കാർ ഉത്തരവിന് വിരുദ്ധമായാണ്.ബ്ലോക്ക് വിഹിതം കൈമാറേണ്ടത് പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്പെഷ്യൽ ടി.എസ്.പി. അക്കൗണ്ടുകളിലേയ്ക്ക് ആകണമെന്ന ഗവ. ഉത്തരവ് നിലനിൽക്കെ,(ജി.ഒ.(പി) നം. 07/2017/ഫിൻ തിരുവനന്തപുരം 23.01. 2017) ഇവിടെ ഫണ്ട് 5

പഞ്ചായത്തുകളിലേയ്ക്ക് നൽകിയിരിക്കുന്നത് ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന പഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർ വൈസർമാർക്കാണ്. താഴെപ്പറയും പ്രകാരമാണ് ഫണ്ട് കൈമാറിയിരിക്കുന്നത് .

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക | ഡി.ഡി.നം /തീയതി |
|---|---|---|
| അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | 72,000/- | 821069 /4/2/2017 |
| മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് | 1,36,000/- | 821067 /4/2/2017 |
| മലയാറ്റൂർ ഗ്രാമ പഞ്ചായത്ത് | 50,000/- | 821545 /4/2/2017 |
| മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് | 1,11,000/- | 821070 /18/3/2017 |
| കറുകുറ്റി ഗ്രാമ പഞ്ചായത്ത് | 1,11,000/- | /4/2/2017 |
| ആകെ | 4,80,000/- | |

സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഫണ്ടുകൾ കൈമാറേണ്ടതാണ്.

ചെലവ് രേഖ (2) പ്രകാരം താഴെപ്പറയുന്ന പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന വിധത്തിൽ ഫണ്ടുകൾ കൈമാറിയിട്ടുണ്ട്.(സെക്രട്ടറിയുടെ ടി.എസ്.പി. അക്കൗണ്ടുമുഖേന)

| പഞ്ചായത്തിന്റെ പേര് | തുക |
|---|---|
| അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | 23,000/- |
| മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് | 29,000/- |
| കറുകുറ്റി ഗ്രാമപഞ്ചായത്ത് | 34,000/- |
| മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് | 34,000/- |
| ആകെ കൈമാറിയ തുക | 1,20,000/- |

തുക കൈമാറിയെങ്കിലും 1,20,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തുകൾ ലഭ്യമാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ചെലവ് രേഖ (3) പ്രകാരം താഴെപ്പറയുന്ന പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന വിധത്തിൽ ഫണ്ടുകൾ കൈമാറിയിട്ടുണ്ട്.(സെക്രട്ടറിയുടെ ടി.എസ്.പി. അക്കൗണ്ട മുഖേന)

| | |
|---|---|
| അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | 5,000/- |
| മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് | 10,000/- |
| കറുകുറ്റി ഗ്രാമപഞ്ചായത്ത് | 5,000/- |
| മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് | 5,000/- |
| ആകെ കൈമാറിയ തുക | 25,000/- |

25,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തുകൾ ലഭ്യമാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 മെഡിക്കൽ ഓഫീസർ, CHC കാലടി

## നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

അങ്കമാലി ബ്ളോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാലടി സി.എച്ച്.സി -യിൽ മെഡിക്കൽ ഓഫീസർ, 2016-17 വർഷം നിർവ്വഹിച്ച പ്രോജക്ടിൽ വാങ്ങൽ നടപടിയിൽ അപാകതകൾ ഉണ്ട്.പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO101/2017 |
| പ്രോജക്ടിന്റെ പേര് | കാലടി സി.എച്ച്.സി – യിലേക്ക് ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങലും, സ്ഥാപിക്കലും. |
| അടങ്കൽ | 14,00,000/-(തനത് ഫണ്ട് -254657, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം - 1141763, പൊതു വിഭാഗം - 3580) |
| ചെലവ് | 2,54,657/- |
| ചെലവ് രേഖ | ചെക്ക് നം.3622122 തീയതി 28/3/2017 |

<u>അപാകത -1</u>

മുകളിൽ പറഞ്ഞിട്ടുള്ള ചെലവ് രേഖ പ്രകാരം സി.എച്ച്.സി – യിലേക്ക് 13 കൂട്ടം സാധനങ്ങൾ വാങ്ങൽ നടത്താനായിട്ടാണ് 254657/-രൂപ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ താഴെപ്പറയുന്നവയുടെ വാങ്ങൽ നിർവ്വഹിച്ചപ്പോൾ വാങ്ങൽ നടപടിയിൽ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചില്ല.

| വാങ്ങിയ സാധനം | ബിൽ നം | തുക |
|---|---|---|
| ലാബിലേക്ക് കമ്പ്യൂട്ടർ ടേബിൾ(2) | ബിൽ നം.KB 190 തീയതി 30/3/2017 | 10,000/- |
| ലാബിലേക്ക് കമ്പ്യൂട്ടർ ടേബിൾ(1) | ബിൽ നം.KB 189 തീയതി 30/3/2017 | 5,500/- |
| അലുമിനിയം ഫാബ്രിക്കേഷൻ ഡോർ | വൗച്ചർ നം.- തീയതി 28/3/2017 | 8,400/- |
| ലാബിലേക്ക് ഫയർ എക്സ്റ്റിംഗ്യൂഷൻ | ബിൽ നം.TFSS/ INV/0415 /16-17 തീയതി 29/3/2017 | 6,800/- |

| | | |
|---|---|---|
| ഇലക്ട്രിഫിക്കേഷൻ ചാർജ് | വൗച്ചർ നം.-<br>തീയതി 30/3/2017 | 18,513/- |
| ആകെ | | 49,213/- |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ.8/11/2010 പ്രകാരം 5,000/-ന് മുകളിലും,49,999/- വരെയും തുകയ്ക്ക് വാങ്ങൽ നടപടികൾ നിർവ്വഹിക്കുമ്പോൾ കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിച്ച് വാങ്ങൽ നടപടികൾ നിർവ്വഹിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ സി.എച്ച്.സി – യിലേക്ക് 49,213/-രൂപയ്ക്ക് സാധനങ്ങളും മറ്റും വാങ്ങിയപ്പോൾ ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല. മാത്രമല്ല, അടുത്തടുത്ത ദിവസങ്ങളി (2017 മാർച്ചിലെ അവസാന ദിവസങ്ങളിൽ)ലാണ് ഈ വാങ്ങലുകൾ നിർവ്വഹിച്ചിട്ടുള്ളത്. ചെറിയ ചെറിയ വാങ്ങലുകൾ നടത്തി ക്വട്ടേഷനുകൾ ഒഴിവാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ആയതിനാൽ 20/8/2016ലെ 2487/2016 ന്റെ ആനുകൂല്യം ഇവിടെ ലഭിക്കുകയില്ല. 2,54,657/- രൂപയിൽ 2,05,444/- രൂപയുടെ വാങ്ങൽ ക്വട്ടേഷൻ നടപടിയിലൂടെ നിർവ്വഹിച്ചിട്ടും, 49,213/-രൂപയുടെ വാങ്ങൽ പെറ്റി പർച്ചേയ്സിന്റെ ആനുകൂല്യത്തിൽ, അടുത്തടുത്ത ദിവസങ്ങളിൽ നിർവ്വഹിച്ചത് സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാക്കാൻ വേണ്ടി മാത്രമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ വാങ്ങൽ നിർവ്വഹിക്കുമ്പോൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണെന്നറിയിക്കുന്നു.

2)സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സി.എച്ച്.സി – യിൽ ഓരോ വർഷവും വൻ തുകയ്ക്ക് സാധനങ്ങൾ വാങ്ങുന്നുണ്ടെങ്കിലും, വാങ്ങലുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.മരുന്നുകളുടെ സ്റ്റോക്ക് എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററിലാണ്, വാങ്ങലുകളും എഴുതി സൂക്ഷിക്കുന്നത്. ഇതുതന്നെ അശാസ്ത്രീയവും അവ്യക്തവുമായാണ് പരിപാലിച്ചിട്ടുള്ളത്. വാങ്ങലുകളും, അവയുമായി ബന്ധപ്പെട്ട വിവരങ്ങളും കൃത്യമായി എഴുതിച്ചേർക്കുന്ന വിധത്തിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാൻ അടിയന്തിര നടപടികൾ ഉത്തരവാദിത്തപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

## 3-3 ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ (അഡീഷനൽ) നിർവ്വഹിച്ച പ്രോജക്ടിലെ അപാകത – 550,000/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 വർഷം അങ്കമാലി ബ്ളോക്ക് പഞ്ചായത്തിൽ ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ (അഡീഷനൽ) നിർവ്വഹിച്ച പ്രോജക്ടിൽ തുകകൾ പഞ്ചായത്തിന് കൈമാറിയെങ്കിലും പഞ്ചായത്തിൽ നിന്നും രശീതിയും, വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല. പ്രോജക്ട് സംബന്ധിച്ച വിശദവിവരവും അപാകത സംബന്ധിച്ച വിവരവും, താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| നം. | 17 |
| വിഭാഗം | പൊതു വിഭാഗം |
| അടങ്കൽ | 5,50,000/- |
| ചെലവ് | 5,50,000/- |
| ചെലവ് രേഖ | 1)ബിൽ നം. 1/2016-17 തുക 4,80,000/-തീയതി-24/12/2016<br>2)ബിൽ നം. 2/2016-17 തുക 70,000/-തീയതി-21/03/2017 |

ചെലവ് രേഖ (1) പ്രകാരം പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന വിധത്തിൽ പണം കൈമാറി

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| കാലടി | 1,75,000/- |
| തുറവൂർ | 1,75,000/- |
| കാഞ്ഞൂർ | 1,30,000/- |
| ആകെ | 4,80,000/- |

ഇപ്രകാരം തുകകൾ കൈമാറിയതിന് പഞ്ചായത്തിൽ നിന്നും രശീതി ലഭ്യമായിട്ടുണ്ടെങ്കിലും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് രേഖ (2) പ്രകാരം താഴെപ്പറയുന്ന വിധത്തിൽ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| കാലടി | 25,000/- |
| തുറവൂർ | 25,000/- |
| കാഞ്ഞൂർ | 20,000/- |
| ആകെ | 70,000/- |

തുകകൾ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന കൈമാറിയിട്ടും, പഞ്ചായത്തിൽ നിന്നും രശീതിയോ,വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 ധനവിനിയോഗ സാക്ഷ്യപത്രം

## ഹാജരാക്കണം

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം താഴെ പറയുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | 106/17 | കറുകുറ്റി ശ്രീകൃഷ്ണപുരം പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | കറുകുറ്റി ഗ്രാമ പഞ്ചായത്ത് | 4,23,723 | 36/16-17 23/03/17 |
| 2 | 88/17 | കാലടി-എയ്റോബിക് കമ്പോസ്റ്റിംഗ് പിറ്റ് യൂണിറ്റ് | കാലടി ഗ്രാമ പഞ്ചായത്ത് | 9,39,451 | 28/16-17, 27/02/17 |
| 3 | 89/17 | കറുകുറ്റി-നീറുങ്കൽ പരിപ്പിൽ തോട് എൽ.ഐ. പൈപ്പ് എക്സ്റ്റെൻഷൻ | കറുകുറ്റി ഗ്രാമ പഞ്ചായത്ത് | 3,00,000 | 21/16-17 27/01/17 |
| 4 | 82/17 | തുറവൂർ-ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | തുറവൂർ ഗ്രാമ പഞ്ചായത്ത് | 5,00,000 | 17/16-17 20/01/17 |
| 5 | 79/17 | മഞ്ഞപ്ര-ഗാർഹിക ബയോഗ്യാസ് | മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത് | 5,00,000 | 18/16-17 20/01/17 |

| | | | | | |
|---|---|---|---|---|---|
| | | പ്ലാന്റ് | | | |
| 6 | 85/17 | കാലടി-ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | കാലടി ഗ്രാമ പഞ്ചായത്ത് | 6,62,000 | 22/16-17 27/01/17 |
| 7 | 107/17 | കറുകുറ്റി കുടുംബശ്രീ വനിത ക്യാന്റീൻ നിർമ്മാണം | കറുകുറ്റി ഗ്രാമ പഞ്ചായത്ത് | 4,23,502 | 35/16-17 28/03/17 |
| 8 | 99/17 | കാഞ്ഞൂർ-പട്ടിക വർഗ്ഗ ഗുണഭോക്താവിന് സ്ഥലം വാങ്ങൽ | കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | 2,47,644 | 33/16-17 28/03/17 |
| 9 | 92/17 | സാമൂഹ്യ സുരക്ഷാ മിഷന് ബ്ലോക്ക് വിഹിതം | സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം | 2,50,000 | 32/16-17 27/02/17 |
| 10 | - | ഓണംട്രേഡ് ഫെയർ | പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 50,000 | ചെക്ക് നം 1562038/ 26.09.16 |

## 3-5 ഭവന നിർമ്മാണ പദ്ധതികൾ- അവലോകനം

കേന്ദ്ര കാബിനറ്റിന്റെ 23.03.2016 ലെ അംഗീകാരം പ്രകാരം ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) നിർത്തലാക്കി. ഈ പദ്ധതി 2016 – 17 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ 01.04.2016 മുതൽ നടപ്പിലാക്കി വരുന്നു. ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം പട്ടിക ജാതി - പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിക്കേണ്ട തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ 07.10.2016 ലെ സ.ഉ.(സാ) നം. 2850 / 2016 / തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ ഐ. എ.വൈ / പി.എം. എ.വൈ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ആകെ അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 105/17 | ഐ.എ.വൈ-എസ്.സി.പി-സംസ്ഥാന വിഹിതം | 7,40,000 | 7,40,000 |
| 2 | 78/17 | ഐ.എ.വൈ-അധിക ധനസഹായം എസ്.സി.പി | 29,00,000 | 29,00,000 |
| 3 | 12/17 | ഐ.എ.വൈ-എസ്.സി.പി- പദ്ധതി വിഹിതം | 24,60,000 | 24,60,000 |
| 4 | 104/17 | ഐ.എ.വൈ- പൊതു വിഭാഗം-സംസ്ഥാന വിഹിതം | 14,00,000 | 13,76,710 |
| 5 | 07/17 | പി.എം.എ.വൈ-പദ്ധതി വിഹിതം | 42,00,000 | 6,72,000 |
| 6 | 11/17 | പി.എം.എ.വൈ-എസ്.സി.പി- പദ്ധതി വിഹിതം | 4,00,000 | 64,000 |
| 7 | 20/17 | വനിത കുടുംബനാഥക്കുള്ള ഭവന പദ്ധതി | 7,00,000 | 7,00,000 |
| ആകെ | | | 1,28,00,000 | 89,12,710 |

2016-17 ൽ താഴെ പറയും പ്രകാരം ആകെ 195 ഗുണഭോക്താക്കൾക്കായാണ് മേൽ പ്രകാരം 89,12,710/- രൂപ ചെലവഴിച്ചിട്ടുള്ളത്.

| വിഭാഗം | ആകെ എണ്ണം | ഭവന നിർമ്മാണം പൂർത്തീകരിച്ചത് | ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് |
|---|---|---|---|
| സ്പിൽ ഓവർ ഗുണഭോക്താക്കൾ | 169 | 144 | 25 |
| പുതിയ ഗുണഭോക്താക്കൾ | 26 | 0 | 26 |
| ആകെ | 195 | 144 | 51 |

31.03-2017 ൽ ആകെ 51 ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തവരായുണ്ട്. ഇതിൽ 25 ഗുണഭോക്താക്കൾ 2010 –11 മുതൽ 2015 –16 വരെ ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്തവരും 26 പേർ 2016-17 ൽ പി.എം.എ.വൈ പദ്ധതി

പ്രകാരമുള്ള ഗുണഭോക്താക്കളുമാണ്. ഗ്രാമവികസന കമ്മീഷണറുടെ 31.12.2016 ലെ സർക്കുലർ നം. 7644 / എച്ച് & റ്റി / 2016 / സി ആർ ഡി പ്രകാരം ഐ.എ.വൈ.സ്കിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിന് ജനകീയ പങ്കാളിത്തത്തോടെ ഒരു കർമ്മ പരിപാടി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. 2015 -16 വരെ ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റി പൂർത്തീകരിക്കാൻ ഉള്ളതായി കണ്ടെത്തുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, 2017 ജനുവരിയിൽ തുടങ്ങി മാർച്ചിൽ പൂർണ്ണമായും നിർമ്മാണം പൂർത്തീകരിക്കത്തക്കവിധം നിശ്ചിത സമയക്രമം പാലിച്ച് നടപ്പാക്കേണ്ട കർമ്മ പരിപാടിയായാണ് പ്രസ്തുത സർക്കുലർ മുന്നോട്ട് വെച്ചത്. ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുഴുവൻ ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 തവളപ്പാറ വനിതാ നൈപുണ്യ വികസന കേന്ദ്രം -ലക്ഷ്യബോധമില്ലാത്ത ആസൂത്രണം

| | |
|---|---|
| പ്രോജക്ട് | തവളപ്പാറ വനിതാ നൈപുണ്യ വികസന കേന്ദ്രം |
| നം. | 58/2017 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ചെലവ് (2015-16) | 10,46,947 |
| ചെലവ് ( 2016-17) | 9,42,252 |

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ തവളപ്പാറ എന്ന സ്ഥലത്ത്,എസ്.സി വനിതാ ഘടകപദ്ധതി വിഹിതമുപയോഗിച്ച് (2015-16ൽ പണി ആരംഭിച്ച്, 2016-17ൽ പൂർത്തീകരിച്ചിട്ടുണ്ട്). 40 ച. മീറ്റർ വിസ്തീർണ്ണമുള്ള ഹാൾ,വരാന്ത,ശുചിമുറികൾ എന്നീ സൗകര്യങ്ങളുള്ള ഒരു കെട്ടിടം. വരാന്തയിൽ ടൈൽ വിരിച്ചിട്ടില്ലെങ്കിലും കെട്ടിടം ഉപയോഗിച്ച് തുടങ്ങാനുള്ള ഭൗതിക സൗകര്യങ്ങൾ തയ്യാറായിട്ടുണ്ട്.എന്നാൽ കെട്ടിടത്തിന് കതകുകൾ പിടിപ്പിച്ചിട്ടില്ല എന്നത് കെട്ടിടം ഉപയോഗിക്കാൻ തടസ്സമാകുന്നു.പ്രസ്തുത കെട്ടിടം എന്താവശ്യത്തിനാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് പ്രോജക്ട് തയ്യാറാക്കുന്ന വേളയിൽ തീരുമാനിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) ലഭിച്ച മറുപടിയിൽ, ആ പ്രദേശത്തുള്ള കുട്ടികൾക്ക് സൗജന്യമായി എൽ.ഡി.സി.ക്ലാർക്ക് പ്രവേശന പരീക്ഷാപരിശീലനം നൽകുന്നതിനും, കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിങ് നൽകുന്നതിനും, കെട്ടിടം പ്രയോജനപ്പെടുത്തുമെന്നും പറയുന്നു. എന്നാൽ പി.എസ്.സി പരീക്ഷാപരിശീലനം എന്നത് വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് മാത്രം പ്രയോജനപ്പെടുന്ന ഒന്നാണ്. ഇതിനായി നിലവിൽ ബ്ളോക്ക് പഞ്ചായത്ത് വനിതാവ്യവസായ വിപണനകേന്ദ്രത്തിന്റെ

കെട്ടിടവും ഭൗതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. നൈപുണ്യ വികസനം (സ്കിൽ എക്സലൻസ്) സാധാരണക്കാരായ വനിതകളെ സ്വയം പര്യാപ്തരാക്കുക എന്നതാണ്. വിദ്യാസമ്പന്നരല്ലാത്തവർക്കും സ്വന്തം ചുറ്റുപാടുകളിൽ ചെയ്യാവുന്ന തൊഴിലുകളിൽ പരിശീലനം നല്കുക, അവർക്കറിയാവുന്ന തൊഴിൽ കാര്യക്ഷമമായും, ശാസ്ത്രീയമായും ചെയ്യാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് പ്രോജക്ട് എത്തുന്നില്ല. ഈ പ്രോജക്ടിൽ തുക വകയിരുത്തിയതും, ചെലവഴിച്ചതും കെട്ടിടം നിർമ്മിക്കാനാണ്. ആസ്തികൾ സൃഷ്ടിക്കുക എന്നതിനല്ലാതെ ,വ്യക്തികളിലെ നൈപുണ്യ വികസനത്തിനായി ഈ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടില്ല.

SGSY പദ്ധതി പ്രകാരം ബ്ളോക്ക് പഞ്ചായത്ത് കാര്യാലയത്തിനു മുകളിൽ 2008-09 കാലയളവിൽ പണിതിട്ടുള്ള വനിതാ വ്യവസായ വിപണന കേന്ദ്രം നിലവിൽ PSC പരീക്ഷകളുടെ സൗജന്യപരിശീലനം നിർവ്വഹിക്കുന്നുണ്ട്. അതുപോലെ, പീച്ചാനിക്കാട് പ്രദേശത്ത് ബ്ളോക്ക് പഞ്ചായത്ത് വനിതാ വൃദ്ധ സദനത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടവും, അനുബന്ധ സൗകര്യങ്ങളും, ഉപയോഗശൂന്യമായി കിടക്കുമ്പോഴാണ് പ്രത്യേകിച്ച് ഉപയോഗ ലക്ഷ്യങ്ങളില്ലാതെ ഒരു കെട്ടിടം തവളപ്പാറയിൽ നിർമ്മിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ഫണ്ടുകൾ ചെലവഴിക്കാനായി മാത്രം ഇപ്രകാരം കെട്ടിടങ്ങൾ പണിയുന്നത് സാമ്പത്തിക അച്ചടക്കത്തിന് വിരുദ്ധമാണ്. ഇരുപത് ലക്ഷം രൂപയോളം ചെലവഴിച്ചിട്ടും ഈ കെട്ടിടം ഇപ്പോഴും ഉപയോഗ യോഗ്യമായിട്ടില്ല. ഈ കെട്ടിടത്തിന്റെ ആവശ്യത്തിലേക്കായി ഓഡിറ്റ് വർഷം 6,66,392/-രൂപയ്ക്കുള്ള ഫർണിച്ചറുകൾ വാങ്ങിയത്,ബ്ളോക്ക് പഞ്ചായത്തിലെ വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്തിലെ വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ വ്യവസായ വിപണനവുമായി ബന്ധപ്പെട്ട യാതൊരു പ്രവൃത്തിയും നാളിതുവരെയായി നടന്നിട്ടില്ല എന്നിരിക്കെ, വനിതാ നൈപുണ്യവികസനത്തിനായി മറ്റൊരു കെട്ടിടം നിർമ്മിച്ചിരിക്കുന്നു. ഈ കെട്ടിടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ പ്രോജക്ട് നാളിതുവരെയായി തയ്യാറാക്കിയിട്ടുമില്ല. എന്നിട്ടും,കെട്ടിടത്തിന്റെ മൂന്നാം ഘട്ട നിർമ്മാണത്തിനായി 2017-18 – ൽ 50,00,000/-രൂപ അനുവദിച്ചിരിക്കുന്നു (പദ്ധതി രേഖ പ്രകാരം). ഓരോ വർഷവും വൻതുകകൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ചെലവഴിക്കുന്നുണ്ടെങ്കിലും , കെട്ടിടത്തിന്റെ ഉപയുക്തതയുമായി ബന്ധപ്പെട്ട് കൃത്യമായ പദ്ധതി രൂപീകരണം നാളിതുവരെ നിർവ്വഹിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ളാൻ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്. ഉൾഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ഈ കെട്ടിടം നിഷ്ക്രിയാസ്തിയായിത്തീരാതെ, വനിതാ നൈപുണ്യവികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതുമാണ്.

## 3-7 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ പെടുന്ന കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ 15-ാം വാർഡിലെ ഹെർബർട്ട് കോളനിയിൽ 2016-17 ൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഒരു കളിസ്ഥലവും സ്റ്റേജും നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ഏറ്റെടുത്തിരുന്നു. രണ്ടു ഘട്ടങ്ങളിലായി നടത്തിയ ഈ പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

റീച്ച് 1- ബാഡ്മിന്റൺ കോർട്ട് നിർമ്മാണം

| | |
|---|---|
| ആകെ അടങ്കൽ | 2,35,000 |
| ചെലവു തുക | |
| അവിദഗ്ദ്ധ തൊഴിൽ വേതനം | 10,560 ( 44 തൊഴിൽ ദിനങ്ങൾ) |
| വിദഗ്ദ്ധ തൊഴിൽ വേതനം | 37,550 |
| സാധന വില | 1,13,274 |
| ആകെ | 1,61,384 |

റീച്ച് 2- സ്റ്റേജ് , ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം

| | |
|---|---|
| ആകെ അടങ്കൽ | 4,40,000 |
| ചെലവു തുക | |
| അവിദഗ്ദ്ധ തൊഴിൽ വേതനം | 30,744 ( 123 തൊഴിൽ ദിനങ്ങൾ) |
| വിദഗ്ദ്ധ തൊഴിൽ വേതനം | 1,19,185 |
| സാധന വില | 2,42,282 |
| ആകെ | 3,92,211 |

ആകെ 5,53,595/- രൂപ ചെലവഴിച്ച ഈ പ്രവൃത്തിക്കായി കേവലം 41,304/-(10,560+30,744) രൂപ മാത്രമാണ് തൊഴിലുറപ്പ് കൂലിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. ഇതു വഴി ആകെ 167 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടതെന്ന് കാണാവുന്നതാണ്. ഇതിൽ നിന്നും "ദാരിദ്ര്യ ലഘൂകരണത്തിനായി പരമാവധി തൊഴിൽ ലഭ്യമാക്കുക" എന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ നിറവേറ്റിയിട്ടില്ല എന്ന് മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തി പ്രദേശം നേരിട്ട് പരിശോധിച്ചതിൽ ഏകദേശം അഞ്ചടി ഉയരമുള്ള സ്റ്റേജിന് ഒരു ചവിട്ടുപടി പോലും നിർമ്മിച്ചിട്ടില്ലെന്നു കണ്ടു. എടുത്തുമാറ്റാവുന്ന, ഇരുമ്പുകൊണ്ട് നിർമ്മിച്ച ഒരു ചവിട്ടുപടി ഉപയോഗിച്ചു വേണം സ്റ്റേജിൽ കയറുവാൻ. ഇത് നിർമ്മാണത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 3-8 നിഷ്ക്രിയ ആസ്തിയായി തുടരുന്ന വൃദ്ധസദനം

അങ്കമാലി ബ്ളോക്ക് പഞ്ചായത്ത് കേരള വികസന പദ്ധതി പ്രകാരം 2000-2001കാലയളവിൽ നിർമ്മിച്ച വൃദ്ധസദനവും അതിലേക്കായി വാങ്ങിയ ഗൃഹോപകരണങ്ങൾ,ഫർണിച്ചറുകൾ എന്നിവയും നാളിതുവരെ ഉപയോഗിക്കാതെ നിഷ്ക്രിയമായി തുടരുന്നു. അങ്കമാലി നഗരസഭയിലെ പീച്ചാനിക്കാട് പ്രദേശത്ത് 4 ആർ വിസ്തൃതി വരുന്ന സ്ഥലത്ത് 9,35,318 രൂപ ചെലവഴിച്ച് ജൂലൈ 2001 ൽ പണി പൂർത്തിയാക്കിയതായാണ് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2002-03ൽ 1,49,900 രൂപ ചെലവഴിച്ച് ഫ്രിഡ്ജ് ,ഗ്രൈന്റർ,കട്ടിൽ,കിടക്ക എന്നിവയും, 2012-2013 ൽ 49,000 രൂപ ചെലവഴിച്ച് വാഷിംഗ് മെഷീൻ,മിക്സി എന്നിവയും വാങ്ങിയിട്ടുണ്ട്. കൂടാതെ 2009-10ൽ 1,11,151/രൂപ ചെലവഴിച്ച് കെട്ടിടം ട്രസ്സ് വർക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്.എന്നാൽ നാളിതുവരെ കെട്ടിടവും അനുബന്ധ ഉപകരണങ്ങളും പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 172 പ്രകാരം ബ്ളോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ, അനിവാര്യ ചുമതലകൾ എന്നിവയിലൊന്നും നിക്ഷിപ്തമല്ലാത്ത പ്രവർത്തനമാണ് വൃദ്ധസദനം (നിർമ്മാണവും,പരിപാലനവും). നടത്തിപ്പിനുവേണ്ട ആവർത്തന ചെലവ് കണ്ടെത്താൻ ബ്ളോക്ക് പഞ്ചായത്തിന് കഴിയില്ല എന്നിരിക്കെയാണ് ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്കും,അനുബന്ധ ഉപകരണങ്ങൾക്കുമായി വികസന ഫണ്ട് വൃഥാ ചെലവഴിച്ചത്.

അങ്കമാലി നഗരസഭാപരിധിയിൽ വിശാലമായ കെട്ടിടവും, അനുബന്ധ സൗകര്യങ്ങളും, ഉപയോഗ ശൂന്യമായി കിടക്കുമ്പോഴും വനിതാ ഘടക പദ്ധതിയിൽപ്പെടുത്തി തവളപ്പാറയിൽ മറ്റൊരു കെട്ടിടം പണിതിരിക്കുന്നു(ഖണ്ഡിക 3-6 കാണുക)

ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടവും പരിസരവും നശിച്ച് കിടക്കുന്നതായി കാണുവാൻ കഴിഞ്ഞു. കെട്ടിടത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗവും പരിസരവും വള്ളിപ്പടർപ്പുകൾ നിറഞ്ഞ്, കാട്ടുപിടിച്ച നിലയിലാണ്. വൃദ്ധസദനത്തിലേയ്ക്കായി വാങ്ങിയ ഫ്രിഡ്ജ് ,ഗ്രൈന്റർ, കട്ടിൽ,കിടക്ക, വാഷിംഗ് മെഷീൻ, മിക്സി എന്നിവ വർഷങ്ങളായി ഉപയോഗിക്കാതെ നശിച്ച അവസ്ഥയിലാണ്.

നിലവിൽ ഈ ആസ്തിയുടെ മൂല്യം (കെട്ടിടം,സ്ഥല വില )പതിൻ മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കാലാനുസൃതമായി മറ്റെന്തെങ്കിലും ആവശ്യത്തിന് കെട്ടിടം പ്രയോജനപ്പെടുത്താൻ ശ്രമം നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7) യ്ക്ക് ലഭിച്ച മറുപടിയിൽ കുടുംബശ്രീ ജില്ലാ മിഷൻ മുഖേന ബഡ്സ് ഹോം ഈ സാമ്പത്തിക വർഷം പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി പറയുന്നു.എന്നാൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളൊന്നും

ലഭിച്ചിട്ടില്ല. ഇനിയും ഈ ആസ്തിയിലേക്ക് പണം ചെലവഴിക്കാതെ കെട്ടിടവും ,ഉപകരണങ്ങളും ഉപയോഗിക്കാൻ ഉതകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ അനുമതിയോടെ തീരുമാനമെടുക്കാൻ ഭരണസമിതി ശ്രമിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 92,92,813 | ഐ.എ.വൈ. വിഹിതം | 31,46,551 | 61,46,262 |
| ഗ്രാമ പഞ്ചായത്തുകൾ | 46,28,000 | ഐ.എ.വൈ. വിഹിതം | 21,90,000 | 4,38,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | GO (M S) No. 90/2013/ lsgd തീ. 14/3/2013 | 68,65,000 | 68,65,000 | 29,87,604 | - | 38,77,396 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.35.1 | ജനകീയ ഭവന പദ്ധതി | പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കാനും മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ വിജിലൻസ് അന്വേഷണ പ്രകാരം നടപടി സ്വീകരിക്കാനും അക്കൗണ്ട്സ് കമ്മിറ്റിശുപാർശ ചെയ്തു. |
| 2000-01 | 3.9 | 2005-06 | 2.35.2 | മുൻകൂർ നൽകി പൂർത്തിയാക്കാത്ത പദ്ധതികൾ | ഒരു പ്രവൃത്തി ഒഴികെ ബാക്കിയുള്ളവയുടെ റവന്യൂറിക്കവറി പൂർത്തീകരിച്ചു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 5,87,12,216 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 8,59,83,008 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 6,95,000/- |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,45,000 | ശ്രീമതി. ഇന്ദിര. പി.എസ്, സി.ഡി.പി.ഒ |
| 3-3 | 5,50,000 | ശ്രീമതി. ശ്യാമള. പി.എം, സി.ഡി.പി.ഒ അഡീഷണൽ |

| | | |
|---|---|---|
| ആകെ | 6,95,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഇന്ദിര. പി.എസ്, സി.ഡി.പി.ഒ | സി.ഡി.പി.ഒ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | 26/1794 സി കല്ലടത്തിൽവീട് ചാലഞ്ചേരിറോഡ് തേവര, എറണാകുളം |
| ശ്രീമതി. ശ്യാമള. പി.എം, സി.ഡി.പി.ഒ അഡീഷണൽ | സി.ഡി.പി.ഒ അഡീഷണൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | ചങ്ങരാടിത്തറവീട് ചെറായിപി ഒ എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ(ബി.പി)/149/13 തീയതി. 23-08-13 |
| 1999-2000 | എൽ.എഫ്.ഇ(സി4)2355/11 തീയതി. 03-03-12 |
| 2000-01 | എൽ.എഫ്.ഇ(സി4)/2355/11 തീയതി. 03-03-12 |
| 2001-02 | എൽ.എഫ്.ഇ(ബി.പി)/149/13 തീയതി. 23/08/2013 |
| 2002-03 | എൽ.എഫ്.ഇ(ബി.പി)/2355/11 തീയതി. 03-03-2012 |

| | |
|---|---|
| 2003-04 | എൽ.എഫ്.ഇ(ബി.പി1)/2355/11<br>തീയതി. 03-03-2012 |
| 2007-08 | എൽ.എഫ്.ഇ(ബി.പി)/149/13<br>തീയതി. 23-08-2013 |
| 2008-09 | എൽ.എഫ്.ഇ(ബി.പി2)/2020/13<br>തീയതി. 10/03/2014 |
| 2009-10 | എൽ.എഫ്.ഇ(ബി.പി2)/149/13<br>തീയതി. 17/02/2014 |
| 2012-13 | എൽ.എഫ്.ഇ(ബി.പി2)/1914/14<br>തീയതി. 26-02-2015 |
| 2013-14 | എൽ.എഫ്.ഇ(ബി.പി2)524/2015,<br>തീയതി.08-04-2015 |
| 2014-15 &<br>2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.2)1631/2016<br>തീയതി 29.09.2017 |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(ബി.പി) 2024 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
തീയതി: 30.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 –

ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

APPENDIX 1

KSA-EKM (BP) /2024/2017

Kerala State Audit Department,
District Audit Office, Ernakulam
Date: 30.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of ANGAMALY Blockl Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of ANGAMALY Block Panchayat for the year 2016-17 properly presents the picture of income and expenditure.

Joint Director
Kerala State Audit Department